# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2852 10.03.2017 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ 2017 ഡിസംബർ വരെ ഉണ്ടാകുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി. എസ്. എസിക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം എല്ലാ സർവ്വകലാശാലകളും പാലിച്ചിട്ടുണ്ടോ; | (എ) & (ബി) | വിവിധ സർവ്വകലാശാലകളിലേക്കുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 202 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br><br>എ പി ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, മലയാള സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.<br><br>കണ്ണൂർ സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ ഗ്രേഡ് II തസ്തിക പുന: പരിവർത്തനം ചെയ്തതിന് ശേഷം മാത്രമേ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി .യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളു.<br><br>കേരള സർവ്വകലാശാല യിൽ എൽ.ഡി. ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ) നിയമനവുമായി ബന്ധപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ 2017 ജൂൺ 1 ന് വരുന്ന ഒരു ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി. എസ്, സി. ക്ക് റിപ്പോർട്ട് ചെയ്യാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | കേരള കാർഷിക സർവ്വകലാശാലയിൽ ആകെയുള്ള 100 ഒഴിവുകളിൽ 97 എണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കുസാറ്റ് - റിപ്പോർട്ട് ചെയ്ത കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ - 75,<br><br>കേരള ഫിഷറീസ് സർവ്വകലാശാല - റിപ്പോർട്ട് ചെയ്ത കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ - 1<br><br>കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല നിർദ്ദേശം പാലിച്ചിട്ടുണ്ട്. |
| (സി) | ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കണമെന്ന നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും തസ്തികയുടെ പേര് മാറ്റിയോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | കുസാറ്റ്, കണ്ണൂർ സർവ്വകലാശാല , കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കേരള കാർഷിക സർവ്വകലാശാല, എന്നീ സർവ്വകലാശാലകളിൽ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് മാറ്റിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**